കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് -കുമ്പളങ്ങി ഗ്രാമപഞ്ചായത്ത് - എറണാകുളം - 2010-11 വർഷ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് - ഖണ്ഡിക 3-5 - സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്

ജി.ഒ (ആർ.ടി) നം. 287 /14/തസ്വഭവ. തിരുവനന്തപുരം, തീയതി: 31/01/2014

---

പരാമർശം:- 1) കുമ്പളങ്ങി ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടിന്റെ 15/01/2013-ലെ എ-1440/12 നമ്പർ കത്തും ജില്ലാതല ആഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ 22/11/2013-ലെ തീരുമാനവും ഗ്രാമപഞ്ചായത്തിന്റെ 22/10/2012-ലെ VI 4-ാം നമ്പർ തീരുമാനവും.

2) ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 17/05/2013-ലെ LF- 2445/P.T2/13 നമ്പർ കത്ത്.

## ഉത്തരവ്

എറണാകുളം ജില്ലയിലെ കുമ്പളങ്ങി ഗ്രാമപഞ്ചായത്തിന്റെ 2010-11 വർഷ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-5 -ൽ പട്ടികജാതിയിൽപ്പെട്ടവർക്ക് വീട് റിപ്പയറിംഗിനായി എൽ.വി.ഇ.ഒ 30,000/- രൂപ നൽകിയത് ഓഡിറ്റിൽ തടസ്സപ്പെടുത്തിയിരുന്നു. ആയതിന് സാധൂകരണം ലഭ്യമാക്കണമെന്ന ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ 22/11/2013-ലെ തീരുമാനത്തിന്റെയും ഗ്രാമപഞ്ചായത്തിന്റെ 22/10/2012-ലെ VI 4-ാം നമ്പർ തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ പരാമർശം 1 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

കുമ്പളങ്ങി ഗ്രാമപഞ്ചായത്തിൽ പട്ടികജാതിയിൽപ്പെട്ടവർക്ക് വീട് റിപ്പയറിംഗിനായി എൽ.വി.ഇ.ഒ 30,000/- രൂപ നൽകിയത് മൂല്യ നിർണ്ണയത്തിന്റെ അടിസ്ഥാനത്തിലാണെന്നും തികച്ചും അർഹരായ ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം നൽകിയതെന്നും എസ്.സി.പി ഫണ്ട് ചെലവഴിക്കുക എന്ന സദുദ്ദേശത്തോടെയാണ് എൽ.വി.ഇ.ഒ തുക നൽകിയതെന്നും പഞ്ചായത്ത് കമ്മിറ്റിയ്ക്ക് ബോദ്ധ്യപ്പെട്ട സാഹചര്യത്തിൽ പ്രസ്തുത നടപടിയ്ക്ക് സാധൂകരണം നൽകാവുന്നതാണെന്ന് പരാമർശം 2 പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. മേൽ വിവരിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ എറണാകുളം ജില്ലയിലെ കുമ്പളങ്ങി ഗ്രാമപഞ്ചായത്തിന്റെ 2010-11 വർഷത്തെ ലോക്കൽ ഫണ്ട് ആഡിറ്റ് റിപ്പോർട്ട് ഖണ്ഡിക

3(5) പ്രകാരം തടസ്സപ്പെടുത്തിയ 30,000/- (മുപ്പതിനായിരം രൂപ മാത്രം) രൂപയുടെ ചെലവിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
പ്രസന്നകുമാരി. എം.സി,
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ. തിരുവനന്തപുരം
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയക്ടർ, എറണാകുളം
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം
സെക്രട്ടറി, കുമ്പളങ്ങി ഗ്രാമപഞ്ചായത്ത്, എറണാകുളം
ഇൻഫർമേഷൻ കേരള് മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ